പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1691

08-06-2018 ൽ മറുപടിക്ക്

## മെക്കനൈസേഷൻ മിഷന്റെ പ്രവർത്തനം

ചോദ്യം
ശ്രീ.കെ. ബാബു

മറുപടി
ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൃഷി വകുപ്പിന്റെ കീഴിൽ നടപ്പാക്കാൻ പോകുന്ന മെക്കനൈസേഷൻ മിഷന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | കേരള കാർഷിക യന്ത്രവല്ക്കരണ മിഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മിഷൻ പ്രവർത്തനത്തിന്റെ ആദ്യപടിയായി, കേരള സംസ്ഥാനത്തുടനീളമുള്ള കാർഷിക യന്ത്രങ്ങളുടെ മുഴുവൻ വിവരം ശേഖരിച്ച് കാർഷിക യന്ത്രങ്ങളുടെ 'സൈബർ സെൽ' സജ്ജമാക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. ഇത് അടുത്ത ആറു മാസത്തിനകം പൂർത്തീകരിക്കും.<br><br>നിലവിൽ ലഭ്യമായിട്ടുള്ള എല്ലാ കാർഷിക യന്ത്രങ്ങളുടെയും അറ്റകുറ്റ പണി തീർത്ത് പ്രവർത്തന സജ്ജമാക്കി കൃഷിക്കാർക്കു ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനവും പുരോഗമിക്കുന്നു. കൂടാതെ സംസ്ഥാനത്ത് പ്രവർത്തനയോഗ്യമല്ലാത്ത എല്ലാ കാർഷിക യന്ത്രങ്ങളുടെയും വിവരം ശേഖരിച്ച് നിയമാനുസൃതം ഇവയെല്ലാം ഒഴിവാക്കുന്നതിനുള്ള നടപടികൾ തുടങ്ങി ക്കഴിഞ്ഞു.<br><br>എല്ലാ ബ്ലോക്കുകളിലും കാർഷിക സേവന കേന്ദ്രവും, എല്ലാ പഞ്ചായത്തുകളിലും കാർഷികകർമ്മ സേനയും സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുമായി സർക്കാർ മുന്നോട്ടു പോവുകയാണ്. ഇവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും സുസജ്ജമാക്കുന്നതിനുമുള്ള പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കിക്കഴിഞ്ഞു.<br><br>എല്ലാ കാർഷിക കർമ്മസേനയും, കാർഷിക സേവന കേന്ദ്രങ്ങളും കാര്യക്ഷമമായും സുസ്ഥിരമായും സ്വയം പര്യാപ്തമായും പ്രവർത്തിക്കുന്നതിന് 'ബിസിനസ് പ്ലാൻ' തയ്യാറാക്കി നടപ്പാക്കുന്നതിനുള്ള നടപടിയും |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചു കഴിഞ്ഞു.<br><br>കാർഷിക മേഖലയിൽ വേണ്ടുന്ന വിദഗ്ധരായ തൊഴിലാളികളെ നിർണ്ണയിച്ച് അടുത്ത മൂന്നു വർഷത്തിനുള്ളിൽ അവർക്ക് പരിശീലനം നൽകി തയ്യാറാക്കുന്നതിനുള്ള കർമ്മ പരിപാടിയും മിഷൻ മുഖാന്തിരം ആവിഷ്ക്കരിച്ച് നടപ്പാക്കുകയാണ്. |
| (ബി) | ഈ മിഷന്റെ പ്രവർത്തനത്തിന് കാർഷിക എഞ്ചിനീയറിംഗ് കഴിഞ്ഞ ഉദ്യോഗാർത്ഥികളുടെ സേവനം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | കാർഷിക എഞ്ചിനീയറിംഗ് ബിരുദധാരികളെ കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷന്റെ പ്രവർത്തനവുമായി ബന്ധപ്പെടുത്തി ട്രെയ്നികളായി നിയോഗിച്ച് സംസ്ഥാനത്തെ കാർഷിക യന്ത്രങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും, കേടായ യന്ത്രങ്ങൾ അറ്റകുറ്റ പണികൾ നടത്തി പ്രവർത്തനയോഗ്യമാക്കുന്നതിനും, ഉപയോഗശൂന്യമായവ നിയമാനുസൃതമായി ഒഴിവാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ